Utilisation of receipts in Colonies and Bhajana Mutts.

113. മിസ്റ്റർ കെ. പി. വള്ളോൻ.—അധഃകൃത കോളനികളിലും ഭജനമഠങ്ങളിലും മറ്റും ഉണ്ടാകുന്ന ആദായങ്ങൾ ആരെടുത്തുവരുന്നു?

രാമവമ്മതമ്പുരാൻ.—അധഃകൃത കോളനികളിലെ ആദായങ്ങൾ സർക്കാരിലേക്കു മുതൽകൂട്ടുന്നു. ഭജനമഠത്തിലെ ആദായം അതാതു സ്ഥലത്തെ അധഃകൃതർ തന്നെ എടുക്കുന്നു.

Prohibition of entry of Depressed Classes in Puduval lands allotted to them.

114. മിസ്റ്റർ കെ. പി. വള്ളോൻ.—നായരമ്പലം നിവാസികളായ അധഃകൃതർക്ക് സംരക്ഷകൻ കയറു കെട്ടി തിരിച്ചിട്ടുള്ള പുതുവൽസ്ഥലത്തു അധഃകൃതർ വേല ചെയ്യുന്നു സ്ഥലം നന്നായശേഷം പ്രവേശിച്ചുകൂടായെന്നു വിലക്കുവാനുള്ള കാരണമെന്തു; വിലക്കിയിട്ടുണ്ടെങ്കിൽ അധഃകൃതരുടെ നഷ്ടം ആരു കൊടുക്കും?

രാമവമ്മതമ്പുരാൻ.—നായരമ്പലത്തെ പൊതുവൽസ്ഥലം അധഃകൃതസംരക്ഷകൻ തിരിച്ചു കൊടുക്കുകയൊ പ്രവേശിക്കരുതെന്നു വിലക്കുകയൊ ഉണ്ടായിട്ടില്ല.

മിസ്റ്റർ പോൾ മാമ്പിള്ളി.— ഇപ്പോൾ ആക്കെങ്കിലും തിരിച്ചുകൊടുത്തിട്ടുണ്ടൊ?

രാമവമ്മതമ്പുരാൻ.—വേറെ വല്ല ഡിപ്പാർട്ടുമെണ്ടിൽ നിന്നും തിരിച്ചു കൊടുത്തിട്ടുണ്ടൊ എന്നു അന്വേഷിച്ചു പറയാം.

മിസ്റ്റർ പോൾ മാമ്പിള്ളി.—അധഃകൃതർ ആ സ്ഥലത്തു എന്തെങ്കിലും ചെയ്തിട്ടുണ്ടൊ?

രാമവമ്മതമ്പുരാൻ.—നോട്ടീസു വേണം.

മിസ്റ്റർ പി. കുമാരനേഴത്തുൻ.—റെവന്യൂഡിപ്പാർട്ടുമെണ്ടിൽ നിന്നും വല്ലതും പതിച്ചുകൊടുത്തിട്ടുണ്ടൊ?

രാമവമ്മതമ്പുരാൻ.—നോട്ടീസു വേണം.

മിസ്റ്റർ കെ. അയ്യപ്പൻ.—റെവന്യൂ ഡിപ്പാർട്ടുമെണ്ടിൽ നിന്നും വല്ല ആക്ഷനും എടുത്തിട്ടുണ്ടൊ?

മിസ്റ്റർ കെ. അച്യുതമേനോൻ.— രണ്ടു മൂന്നാളുകളുടെ പേരിൽ ആ പ്രദേശങ്ങളിൽ എടുത്തിട്ടുണ്ടു്.

മിസ്റ്റർ കെ. അയ്യപ്പൻ.—അവർ അധഃകൃതരാണൊ?

മിസ്റ്റർ കെ. അച്യുതമേനോൻ.—അധഃകൃതരാണു്.

മിസ്റ്റർ കെ. പി. വള്ളോൻ.—അവർ അധഃകൃതസംരക്ഷകന്റെ അനുമതി കൂടാതെയാണൊ പ്രവേശിച്ചിട്ടുള്ളതു്?

മിസ്റ്റർ കെ. അച്യുതമേനോൻ.—സംരക്ഷകൻ അനുവദിച്ചിട്ടുണ്ടൊ ഇല്ലയൊ എന്നറിയുവാൻ പാടില്ല. റെവന്യൂ ഡിപ്പാർട്ടുമെണ്ടിൽ നിന്നാണു് തിരിച്ചുകൊടുക്കേണ്ടതു്.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. അപ്പുപ്പൻ.—ഇതിനെ പറ്റിയൊന്നും അറിയുവാൻ പാടില്ലാത്ത അധഃകൃതർ ഇങ്ങിനെയുള്ള സങ്കടങ്ങളിൽ ചെന്നു ചാടുന്നുവെങ്കിൽ ആരാണ് അതിനുത്തരവാദി?

മിസ്റ്റർ കെ. അച്യുതമേനോൻ.—റെവന്യൂ ഡിപ്പാർട്ട്മെണ്ടല്ല എന്നു തീച്ചയാണ്.

മിസ്റ്റർ കെ. അപ്പുപ്പൻ.—അധഃകൃതക്കു് ഇങ്ങിനെയുള്ള സങ്കടങ്ങൾ വരാതെ അവരെ രക്ഷിക്കുവാൻ വേണ്ടിയല്ലേ റെവന്യൂ ഡിപ്പാർട്ട്മെണ്ടിൽ നിന്നും തിരിച്ചു കൊടുക്കുന്നതു?

മിസ്റ്റർ കെ. അച്യുതമേനോൻ ആയിരിയ്ക്കാം.

മിസ്റ്റർ കെ. അപ്പുപ്പൻ.—ഗവർമ്മെണ്ടിൽ നിന്നും അവർക്കു വല്ല രക്ഷയും ചെയ്തിട്ടുണ്ടോ?

രാമവർമ്മതമ്പുരാൻ.—എന്തെങ്കിലും സംഭവിച്ചിട്ടുണ്ടെങ്കിൽ തീച്ചയായും അധഃകൃതസംരക്ഷകൻ സമാധാനം പറയേണ്ടിവരും.

മിസ്റ്റർ കെ. പി. വള്ളോൻ.—റെവന്യൂ ഡിപ്പാർട്ട്മെണ്ടിൽ നിന്നും ഒരു സ്ഥലത്തു അനാവശ്യമായി പ്രവേശിച്ചിട്ടുള്ളവരെ മാറ്റീട്ടുണ്ടോ?

മിസ്റ്റർ കെ. അച്യുതമേനോൻ.—മുമ്പു വന്നിട്ടുള്ളവരെ അതാതു സ്ഥലത്തു തന്നെ ഉരുത്തണമെന്നും ഇപ്പോൾ വന്നിട്ടുള്ളവരെ മേലാൽ ഞങ്ങളുടെ സ്ഥലത്തു അനുവാദം കൂടാതെ കയറരുതെന്നുപദേശിയ്ക്കണമെന്നും തഹശീൽദാക്കെഴുതി അയച്ചിട്ടുണ്ടു്.

മിസ്റ്റർ എ. ശങ്കരപുത്തുവാൾ.—അവർക്കും സ്ഥലം പതിച്ചുകൊടുക്കേണ്ട ആവശ്യമില്ല?

മിസ്റ്റർ കെ. അച്യുതമേനോൻ.—അവർ ചോദിച്ചാൽ കൊടുക്കുവാൻ തയ്യാറാണ്. പക്ഷെ ലൈസൻസ്സു കൊടുക്കുവാൻ മാത്രമേയുള്ളു.

മിസ്റ്റർ കെ. പി. വള്ളോൻ.—കണയന്നൂർ താലൂക്കിൽ കടലോരങ്ങളിലുള്ള സ്ഥലം പതിച്ചുകൊടുക്കുന്നതു റെവന്യൂ ഡിപ്പാർട്ട്മെണ്ടിന്റെ അനുമതിപ്രകാരമൊ അതൊ സംരക്ഷകന്റെ അനുമതിപ്രകാരമൊ?

മിസ്റ്റർ കെ. അച്യുതമേനോൻ.—റെവന്യൂ ഡിപ്പാർട്ട്മെണ്ടിന്റെ അനുമതികൂടാതെ പാടില്ലെന്നൊരു ഓർഡർ ഉണ്ടു്.

മിസ്റ്റർ കെ. പി. വള്ളോൻ.—ഇങ്ങിനെയായാൽ സാധുക്കൾക്കു് ഈ വിഷയത്തിൽ വളരെ കഷ്ടപ്പാടുണ്ടാകുമല്ലൊ. അതുകൊണ്ടു് ഇതിനെ പറ്റി ഗവർമ്മെണ്ടിൽ നിന്നും ഉടനെ അന്വേഷണം നടത്തുമൊ?

മിസ്റ്റർ കെ. അച്യുതമേനോൻ.—ഞാൻ അന്വേഷണം നടത്തുന്നുണ്ടു്. റെവന്യൂ ഡിപ്പാർട്ട്മെണ്ടിന്റെ അനുവാദം വാങ്ങീട്ടു വേണം സ്ഥലത്തു കയറുവാൻ എന്നു് അവരെ ഉപദേശിയ്ക്കുന്നതിനു് തഹശീൽദാരെ അധികാരപ്പെടുത്തീട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly